**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ**
**നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : ഡോ., ജെ ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്.**

വിഷയം : കേരള വനം വകുപ്പ് – ജീവനക്കാര്യം –ഹെഡ് അക്കൗണ്ടന്റുമാർക്ക് സ്ഥലംമാറ്റവും നിയമനവും നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. ഈ ഓഫീസിലെ 24.08.2026 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

2. നേച്ചർ സ്റ്റഡി സെന്റർ, കാലടി ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി സിജി സൈമൺ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1272/2026 നമ്പർ കേസിലെ 31.08.2026 തീയതിയായുള്ള ഉത്തരവ്
3. സർക്കാർ ഉത്തരവ് (സാ.ധാ) നം.420/2026/F&WLD തീയതി 15.10.2026

**ഉത്തരവ് നമ്പർ ഇ3- 1233/2026 തീയതി : 16-10-2026**

സൂചന (1) ഉത്തരവ് പ്രകാരം വനം വകുപ്പിൽ ഹെഡ് അക്കൗണ്ടന്റുമാർ ക്ക് സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും, നൽകിയിരുന്നു. ആയത് പ്രകാരം കാലടി നേച്ചർ സ്റ്റഡി സെന്റർ, ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി സിജി സൈമണിനെ കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷനിലേക്ക് സ്ഥലംമാറ്റുകയും, അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീ സാബു പി.റ്റി യെ കാലടി നേച്ചർ സ്റ്റഡി സെന്റർ, ഓഫീസിലേക്ക് നിയമിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവിനെതിരെ ശ്രീമതി സിജി സൈമൺ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) 1272/2026 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്.

ഇപ്രകാരം നൽകിയ സ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീമതി സിജി സൈമൺ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസിലെ സൂചന (2) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സൂചന( 1) പ്രകാരം ഹെഡ് അക്കൗണ്ടന്റുമാർക്ക് സ്ഥലംമാറ്റവും നിയമനവും നൽകിയ ഉത്തരവ് നിലനിർത്തികൊണ്ട് സൂചന (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

1. കാലടി നേച്ചർ സ്റ്റഡി സെന്റർ, ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി സിജി സൈമൺ, കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷനിലെ ഹെഡ് അക്കൗണ്ടന്റിന്റെ ചാർജ്ജ് അടിയന്തിരമായി എറ്റെടുക്കേണ്ടതാണ്.

2. സൂചന (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലടി നേച്ചർ സ്റ്റഡി സെന്റർ, ഓഫീസിലേക്ക് നിയമിച്ച ഹെഡ് അക്കൗണ്ടന്റ് ശ്രീ സാബു പി.റ്റി ടി ഓഫീസിലെ ഹെഡ് അക്കൗണ്ടന്റിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതാണ്.
3. തന്റേതല്ലാത്ത കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്ത ശ്രീ സാബു പി.റ്റി, ഹെഡ് അക്കൗണ്ടന്റ് പുതിയ സ്റ്റേഷനിൽ ചട്ടപ്രകാരം പ്രവേശിക്കുന്നതുവരെ പ്രവേശനകാലം (Joining Time) നീട്ടി നൽകി ഉത്തരവാകുന്നു.

Digitally signed by
J JUSTIN MOHAN
Date: 16-10-2026
14:23:42

**ഡോ. ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്.,**
**അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**

പകർപ്പ്: 1. വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.
2. അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അറിവിനും അനന്തര നടപടിക്കുമായി നൽകുന്നു
3. കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അറിവിനും അനന്തര നടപടിക്കുമായി നൽകുന്നു
4. കാലടി, നേച്ചർ സ്റ്റഡി സെന്റർ, അസി. ഫോറസ്റ്റ് കൺസർവേറ്റർക്ക് അറിവിനും അനന്തര നടപടിക്കുമായി നൽകുന്നു
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
6. ഇ5-സെക്ഷൻ/ സ്റ്റോക്ക് ഫയൽ

"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിലെ ഹെഡ് അക്കൗണ്ടന്റ് ശ്രീമതി സിജി സൈമൺ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1272/2026 - കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.420/2026/F&WLD തീയതി,തിരുവനന്തപുരം, 15-10-2026**

---

പരാമർശം:-

1. സ.ഉ.(പി) നം.3/2017/ഉഭപവ തീയതി 25.02.2017.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 24.08.2026 - ലെ E3-1233/2026 നമ്പർ ഉത്തരവ്
3. ശ്രീമതി സിജി സൈമൺ സമർപ്പിച്ച 30.08.2026 - ലെ അപ്പീൽ അപേക്ഷ.
4. OA(EKM) No.1272/2026 - കേസിലെ 31-08-2026 ഉത്തരവ്.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 01.10.2026 - ലെ KFDHQ/8434/2026-ADMIN/E3 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പിൽ കാലടി പ്രകൃതി പഠന കേന്ദ്രത്തിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസിലെ ഹെഡ് അക്കൗണ്ടന്റ് ആയിരുന്ന ശ്രീമതി സിജി സൈമൺ - നെ പരാമർശം (2) പ്രകാരം കോട്ടയം ടിംബർ സെയിൽസ് ഓഫീസിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ ഫയൽ ചെയ്ത OA(EKM) No.1272/2026 നമ്പർ കേസിന്മേൽ പരാമർശം (3) ലെ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കാനും, വിടുതൽ ആയി പോയിട്ടില്ലെങ്കിൽ അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ അപേക്ഷകക്ക് നിലവിലുള്ള സ്റ്റേഷനിൽ തുടരാൻ അനുമതി നൽകിയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2. 13.07.2023- ന് ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ച് 16.08.2023 - ന് കാലടി പ്രകൃതി പഠനം കേന്ദ്ര ഓഫീസിൽ ജോലിയിൽ പ്രവേശിച്ച ടിയാളെ 2026 - ലെ പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി ടിയാൾ ഒന്നാമത്തെ ഓപ്ഷനായി നല്കിയിരുന്ന പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലേയ്ക്ക് നിയമനം നല്കിയില്ലായെന്നും, 24.08.2026 - ലെ Annexure A3 ഭേദഗതി ഉത്തരവ് പ്രകാരം ശ്രീ.ബിജു.കെ.ആർ - നെ സ്ഥലംമാറ്റിയതിനെ തുടർന്നുണ്ടായ ഒഴിവിൽ ഭരണ സൗകര്യാർത്ഥം കോട്ടയം ടിംബർ സെയിൽസ് ഡിവിഷൻ ഓഫീസിലേയ്ക്ക് സ്ഥലംമാറ്റുകയും, ഇതേ ഉത്തരവിൽ ശ്രീ.സാബു പി.ടി -യെ അപേക്ഷ പ്രകാരം ശ്രീമതി സിജി സൈമൺ - നെ സ്ഥലം മാറ്റിയ ഒഴിവിൽ നിയമിച്ചുവെന്നും, ഇതിൽ ഭരണ പരമായ അനിവാര്യതയോ പൊതുതാല്പര്യമോ ഇല്ലായെന്നും അപേക്ഷയിൽ അറിയിക്കുകയുണ്ടായി. കൂടാതെ

പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാകാത്ത ജീവനക്കാരെ സാധാരണ സാഹചര്യത്തിൽ സ്ഥലംമാറ്റാൻ പാടില്ലെന്നും, ടിയാൾ 2026-ലെ പൊതുസ്ഥലംമാറ്റ സമയത്ത് മൂന്ന് വർഷം പൂർത്തിയാക്കിയിട്ടില്ലെന്നും അതിനാൽ തനിക്ക് സ്ഥലംമാറ്റത്തിൽ നിന്നും സംരക്ഷണം ലഭിക്കേണ്ടതാണെന്നും വാദിച്ചിരുന്നു. കൂടാതെ ടിയാളുടെ കുടുംബ സാഹചര്യങ്ങൾ പരിഗണിച്ചും ടിയാളെ കാലടി പ്രകൃതി പഠന കേന്ദ്ര ഓഫീസിൽ തന്നെ നിലനിർത്തുകയോ ടിയാൾ പൊതു സ്ഥലംമാറ്റ അപേക്ഷയിൽ ആവശ്യപ്പെട്ട ഓപ്ഷൻ പ്രകാരമുള്ള പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുകയോ ചെയ്യണമെന്ന് ടിയാൾ അപേക്ഷിച്ചിരിക്കുന്നു.

3. വനം വകുപ്പിലെ വിവിധ ഓഫീസുകളിൽ, പ്രത്യേകിച്ച് ദുർഘട പ്രദേശങ്ങളിലുള്ള ഓഫീസുകളിൽ ഉൾപ്പെടെ, ഹെഡ് അക്കൗണ്ടന്റുമാർ ജോലി ചെയ്തു വരുന്നതായും, എറണാകുളം ജില്ലയിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികകളുടെ എണ്ണം പരിമിതമായ സാഹചര്യത്തിൽ, ഒരേ സ്റ്റേഷനിൽ ജീവനക്കാരെ ദീർഘകാലം തുടരാൻ അനുവദിക്കുന്നത് മറ്റ് ജീവനക്കാർക്ക് പ്രസ്തുത സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള അവസരം പരിമിതപ്പെടുത്തുകയും വകുപ്പിലെ സ്ഥലംമാറ്റ ക്രമീകരണങ്ങളെ ബാധിക്കുകയും ചെയ്യുമെന്നും, അപേക്ഷകയുടെ ഇപ്പോഴത്തെ സ്ഥലംമാറ്റം മൂന്ന് വർഷത്തെ സേവനകാലം പൂർത്തിയാക്കിയ ജീവനക്കാരുടെ സാധാരണ റൊട്ടേഷൻ എന്ന നിലയിൽ മാത്രം കാണേണ്ടതില്ലായെന്നും കോട്ടയം ടിംബർ സെയിൽസ് ഡിവിഷനിലെ ഹെഡ് അക്കൗണ്ടന്റ് തസ്തികയുടെ ആവശ്യകത, വകുപ്പിലെ തസ്തികകളുടെ പരിമിതമായ എണ്ണം, ജീവനക്കാരുടെ യുക്തിസഹമായ വിന്യാസം, മറ്റ് ജീവനക്കാർക്ക് സ്ഥലംമാറ്റ അവസരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത, ഓഫീസുകളുടെ പ്രവർത്തനപരമായ ആവശ്യകത തുടങ്ങിയ ഭരണപരമായ ഘടകങ്ങൾ പരിഗണിച്ചും, വകുപ്പിലെ ജീവനക്കാരുടെ സമതുലിതമായ വിന്യാസത്തിനും വിരുദ്ധമായി ഒരു പ്രത്യേക ജീവനക്കാരനെ/ജീവനക്കാരിയെ അനിശ്ചിതകാലത്തേക്ക് നിലവിലെ സ്റ്റേഷനിൽ തുടരാൻ അനുവദിക്കുന്നത് പൊതുവായ സ്ഥലംമാറ്റ സംവിധാനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം സൃഷ്ടിച്ചേക്കുമെന്നും പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലയിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികകളുടെ എണ്ണം പരിമിതമായതിനാലും, ഒരേ സ്റ്റേഷനിൽ വർഷങ്ങളോളം ഒരാൾ തുടരുന്നത് മറ്റ് ജീവനക്കാർക്ക് പ്രസ്തുത സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കാനുള്ള അവകാശത്തെ നിഷേധിക്കുന്ന സാഹചര്യമുണ്ടാകുമെന്നും, വകുപ്പിലെ ഭരണപരമായ അച്ചടക്കത്തെ ബാധിക്കുന്നതിനു കാരണമാകുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീമതി സിജി സൈമൺ സമർപ്പിച്ച പരാമർശം (3) - ലെ അപ്പീൽ അപേക്ഷ പരിഗണിച്ച്, ഭരണപരമായി ആവശ്യമായ സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കുന്നതിനോ അല്ലാത്ത പക്ഷം അപേക്ഷക ആവശ്യപ്പെട്ട പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷനിലേയ്ക്ക് നിർബന്ധമായും നിയമനം നൽകുന്നതിനോ മതിയായ സാഹചര്യം നിലവിലില്ലെന്ന് കാണുന്നു. കൂടാതെ 01/04/2010 മുതൽ തുടർച്ചയായി 10 വർഷത്തിലധികമായി ടിയാളുടെ ഹോം സ്റ്റേഷനായ ഏറണാകുളം ജില്ലയിൽത്തന്നെയാണ് ജോലി ചെയ്തു വരുന്നതെന്നും കാണുന്നു. തുടർച്ചയായി ടിയാളുടെ ഹോം സ്റ്റേഷനായ ഏറണാകുളം ജില്ലയിലെ 10 വർഷത്തെ സേവനത്തിന് ശേഷം, ദുർഘടപ്രദേശമല്ലാത്തതും താരതമ്യേന യാത്രാ സൗകര്യവും മറ്റുമുള്ള കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷനിലേയ്ക്കാണ് സ്ഥലംമാറ്റിയിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ശ്രീമതി സിജി സൈമൺ സമർപ്പിച്ച അപ്പീൽ നിരസിച്ചുകൊണ്ടും പരാമർശം (2)ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഭേദഗതി ഉത്തരവ് പ്രകാരം ശ്രീമതി സിജി സൈമൺ - നെ കോട്ടയം ടിംബർ സെയിൽസ് ഡിവിഷനിലേയ്ക്ക് നടത്തിയ സ്ഥലംമാറ്റം നിലനിർത്തിക്കൊണ്ടും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രിബ്യൂണലിന്റെ പരാമർശം (4) - ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASEEM A

**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),തിരുവനന്തപുരം

ശ്രീമതി. സിജി സൈമൺ, ഹെഡ് അക്കൗണ്ടന്റ്, പ്രകൃതി പഠന കേന്ദ്രം, കാലടി(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Rajesh N
Date: 16-10-2026
10:47:51

സെക്ഷൻ ഓഫീസർ